"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ തെരഞ്ഞെടുത്ത നഗരസഭ കെട്ടിട നിർമ്മാണം പദ്ധതി- കിഫ്ബി ധനസഹായത്തോടെ നിർവഹിയ്ക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.333/2026/LSGD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.210/2019-തസ്വഭവ തീയതി 31.01.2019
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.11.2024 ലെ എൽഎസ്ജിഡി/പിഡി/34017/2024-എസ് പി എൽ1 നമ്പർ കത്ത്
3. ഇംപാക്ട് കേരള പ്രോജക്ട് ഡയറക്ടറുടെ 28.07.2025 23.12.2025 ലെ ഇംപാക്ട്/146/2023-അഡ്മിൻ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 100 കോടി രൂപയുടെ ഭരണാനുമതി നൽകിയും പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഇംപാക്ട് കേരളയെ ചുമതലപ്പെടുത്തിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം 9 മുൻസിപ്പൽ ഓഫീസുകൾക്കും ഒരു കോർപ്പറേഷൻ ഓഫീസും നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെന്നും ടി ഓഫീസുകൾ ശോച്യാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്നും ആയതിനാൽ 113.21 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(3) ടി പദ്ധതി പ്രഖ്യാപിച്ച സമയത്ത് 2016 DSR പ്രകാരമുള്ള നിരക്കാണ്

കണക്കാക്കിയിരുന്നത്. സംസ്ഥാനത്ത് നിലവിൽ 2021 DSR പ്രകാരമുള്ള നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയതിനാൽ DSR 2021 പ്രകാരം പ്രസ്തുത ശിപാർശ സമർപ്പിക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്ക് 117 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നിർവഹണ ഏജൻസിയായ ഇംപാക്ട് കേരള പരാമർശം(3) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടിക പ്രകാരമുള്ള 9 മുൻസിപ്പൽ ഓഫീസുകൾക്കും ഒരു കോർപ്പറേഷൻ ഓഫീസിനും കിഫ്ബി ധനസഹായത്തോടെ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 117 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

ഡയറക്ടർ ,നഗരകാര്യം

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 07-02-2026 17:06:31